പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 573

28.02.2017 - ൽ മറുപടിക്ക്.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
| (എ) സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദീകരിക്കുമോ ; | (എ) : വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വികസന ഏരിയ/പ്ലോട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങളായ ആന്തരിക റോഡുകൾ, വൈദ്യുതി, ജലം , ഖര-ദ്രവ്യ മാലിന്യ സംസ്കരണം, ചുറ്റുമതിൽ, കോൺഫറൻസ് ഹാൾ തുടങ്ങിയവയ്ക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭൂമി ലഭ്യത കുറവായതിനാൽ കൂടുതൽ വ്യവസായ യൂണിറ്റുകൾ ഉൾക്കൊള്ളിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 20 കോടി രൂപ നടപ്പു വർഷം സംസ്ഥാന വിഹിതമായി വകയിരുത്തി പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്ത് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കാമോ ; | (ബി) : ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുടെ ഭൂമി തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് നൽകുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥലം സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് നൽകുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |
| (സി) സംസ്ഥാനത്ത് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് നൽകുന്നതിന് പദ്ധതിയുണ്ടോ ; വിശദീകരിക്കുമോ ; | (സി) : ഉണ്ട്.<br>എറണാകുളം ജില്ലയിൽ എടയാറിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>തൃശ്ശൂരിൽ പുഴയ്ക്കൽപ്പാടത്ത് ബഹുനില വ്യവസായ സമുച്ചയം പൂർത്തിയായി ക്കഴിഞ്ഞു. ഇവിടെ രണ്ടാമത്തെ പദ്ധതിയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. വരവൂരിൽ ഇപ്രകാരം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>മലപ്പുറം, പാലക്കാട് ജില്ലകളിൽ യഥാക്രമം മഞ്ചേരിയിലും പുതുശ്ശേരിയിലും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

തിരുവനന്തപുരത്ത് വേളിയിൽ രണ്ട് പദ്ധതികൾക്കുള്ള പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

പാലക്കാട്, ആലപ്പുഴ ജില്ലകളിൽ യഥാക്രമം ഷൊർണ്ണൂർ, പുന്നപ്ര എന്നീ പദ്ധതികൾക്ക് ഭരണാനുമതിയും നൽകി കഴിഞ്ഞു.

വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ കിൻഫ്ര നെല്ലാട്, തലശ്ശേരി, നാടുകാണി (കണ്ണൂർ), പിറവണ്ണൂർ, പാലക്കാട്, കൊരട്ടി, ഒറ്റപ്പാലം, അപ്പാരൽ പാർക്ക് (തിരുവനന്തപുരം) , രാജകുമാരി(ഇടുക്കി) എന്നിവിടങ്ങളിൽ വ്യവസായ സമുച്ചയങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ വ്യവസായ സമുച്ചയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചേർത്തല, പാലക്കാട് എന്നിവിടങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| | | |
|---|---|---|
| (ഡി) ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുമോ ; വിശദീകരിക്കുമോ ? | (ഡി) : | നൽകും. കിൻഫ്ര, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ വ്യവസായ സമുച്ചയങ്ങളിൽ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.